**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3887** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2000 ഭക്ഷ്യ സംരംഭകർക്ക് ഒരു ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥൻ എന്ന അനുപാതത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശാക്തീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | വകുപ്പിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | എഫ്.എസ്.എസ്.എ.ഐയുടെ ഭക്ഷ്യസുരക്ഷാ സൂചിക 2020-21 പ്രകാരം രണ്ടാം സ്ഥാനത്തായിരുന്ന കേരളം 2021-22 കാലയളവിൽ ആറാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് പിന്തള്ളപ്പെട്ടതെന്ന് വിശദീകരിക്കാമോ; | (ബി) | Food Safety Index ൽ പറയുന്ന 5 ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് സംസ്ഥാനങ്ങളെ വിലയിരുത്തുന്നത്.<br><br>1. Human Resources & Institutional Data<br>2. Compliance<br>3. Food testing infrastructure and surveillance<br>4. Training and Capacity building<br>5. Consumer empowerment and FSSAI initiatives<br><br>ഓരോ ഘടകത്തിനും ലഭിയ്ക്കുന്ന പോയിന്റിന്റെ ആകെ തുകയാണ് റാങ്ക് നിശ്ചയിക്കാൻ അടിസ്ഥാനമാക്കുന്നത്.<br><br>FSSAI നിഷ്കർഷിക്കുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ എണ്ണം 160 ആണ്. സംസ്ഥാനത്ത് 160 ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികകൾ ഉണ്ടെങ്കിലും 119 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ മാത്രമാണ് നിലവിൽ ഉള്ളത്. ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികയുടെ പി.എസ്.സി ലിസ്റ്റ് നിലവിൽ വന്നിട്ടുള്ളതിനാൽ പ്രസ്തുത ഒഴിവുകൾ ഉടൻ തന്നെ നികത്താൻ ആകും.<br><br>2019 ൽ ആരംഭിച്ച സേവ് ഫുഡ് ഷെയർ ഫുഡ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് ഭക്ഷണം പങ്ക് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക, ഭക്ഷണ നഷ്ടം ഒഴിവാക്കുക, ഭക്ഷണം പാഴാകുന്നത് തടയുക എന്നീ പ്രധാന ലക്ഷ്യങ്ങളാണ്. മറ്റ് സംസ്ഥാനങ്ങളെ |

അപേക്ഷിച്ച് ഭക്ഷണണത്തിന് ബുദ്ധിമുട്ടുന്നവരുടെ എണ്ണം കേരളത്തിൽ കുറവാണെന്നുള്ളതും, നിലവിൽ ഭക്ഷണ വിതരണം ചെയ്യുന്ന നിരവധി സംഘടനകൾ സംസ്ഥാനത്തുള്ളതും മുതലായ കാരണങ്ങളാൽ ഈ പദ്ധതി കഴിഞ്ഞ വർഷം വിജയകരമായി നടത്താൻ സാധിച്ചിരുന്നില്ല.

RDO കോടതിയിൽ പരിഗണനയിൽ ഉള്ള അഡ്ജുഡിക്കേഷൻ കേസുകളിലെ തീർപ്പാക്കൽ നിരക്ക് കുറവായത് റാങ്കിംഗിനെ ബാധിച്ചിട്ടുണ്ട്. തീർപ്പാക്കാൽ ത്വരിതപ്പെടുത്താൻ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നടപടി സ്വീകരിച്ചുവരുന്നു.

പരിശോധനകൾ ഓൺലൈനായി കടകളിൽ വച്ചു തന്നെ നടത്തുന്നതിന് വേണ്ടി FSSAI 2017 ൽ ആരംഭിച്ച ഒരു പുതിയ മൊബൈൽ ആപ്ലിക്കേഷൻ പ്ലാറ്റ്ഫോം ആണ് FoSCoRIS ( Food Safety Compliance through Regular Inspection and Sampling). FoSCoRIS മുഖേന 2400 പരിശോധനകളാണ് FSSAI നിഷ്കർഷിക്കുന്നത്. ഇതിൽ കേരളം 2538 പരിശോധനകൾ നടത്തുകയും ചെയ്തു. യഥാർത്ഥത്തിൽ കഴഞ്ഞവർഷം നാൽപ്പത്തി നാലായിരത്തിലധികം പരിശോധനകൾ നടത്തിയിരുന്നു. ആയതിൽ ഭൂരിഭാഗവും FoSCoRIS മുഖേന അല്ലാതിരുന്നത്തിനാൽ ഇവ റാങ്കിംഗിൽ പരിഗണിക്കുകയുണ്ടായില്ല. ഇത് അടുത്ത വർഷം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. FSSAI ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയുടെ വർദ്ധനവ് 202 ശതമാനമാണ്.

Eat Right Challenge ൽ 4 ജില്ലകളാണ് തെരഞ്ഞെടുത്തത്. ടി 4 ജില്ലകളും മികച്ച പ്രകടനം കാഴ്ചവെച്ചതിനാൽ ജൂൺ 7 ലോക ഭക്ഷ്യ സുരക്ഷാ ദിനാചരണത്തിൽ FSSAI സംഘടിപ്പിച്ച പുരസ്കാര ദാന ചടങ്ങിൽ പ്രശംസാപത്രം കേരളത്തിനെ പ്രതിനിധീകരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഏറ്റുവാങ്ങി. FSSAI യുടെ സർട്ടിഫിക്കേഷൻ പദ്ധതികളായ Eat Right School, Eat Right Campus, Clean Street Food Hub, Clean Fruit & Vegetable Market, BHOG, Eat Right Campus ൽ സർട്ടിഫിക്കറ്റ് നേടിക്കൊണ്ട് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

503 Hygience Rating സർട്ടിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എന്നാൽ റാങ്കിംഗിന് പരിഗണിക്കുന്ന സമയത്ത്

| | | | |
|---|---|---|---|
| | | | ഹോട്ടലുകൾക്ക് ഹൈജീൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാതിരുന്നതിനാൽ ഇതിനുള്ള പോയിന്റുകൾ സംസ്ഥാനത്തിന് ലഭിയ്ക്കുകയുണ്ടായില്ല.<br><br>Eat Right School, Clean Street Food Hub, Clean Fruit & Vegetable Market, BHOG, Eat Right station തുടങ്ങിയ പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ദേവസ്വം ബോർഡ്, റെയിൽവേ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കി ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഉത്സവങ്ങൾ, കലോത്സവങ്ങൾ പോലെയുള്ള ആഘോഷങ്ങളിലേയും അടിയന്തര സാഹചര്യങ്ങളിലേയും പരിശോധനയ്ക്ക് നിലവിലെ താൽക്കാലിക ത്വരിത റെസ്പോൺസ് ടീമിന്റെ സേവനം അപര്യാപ്തമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം ആവശ്യങ്ങൾക്കായി എല്ലാ ജില്ലയ്ക്കും രണ്ട് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ത്വരിത റെസ്പോൺസ് ടീമിന്റെ സ്ഥിരം സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ കാര്യക്ഷമതയോടുകൂടി ത്വരിത റെസ്പോൺസ് ടീം സേവനം നൽകിവരുന്നു. |
| (ഡി) | കേരളത്തിലെ ചെക്ക് പോസ്റ്റുകളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി എന്തൊക്കെ സ്ഥിരം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | ചെക്ക്പോസ്റ്റുകൾ വഴി അന്യ സംസ്ഥാനത്ത് നിന്നും വരുന്ന ഭക്ഷ്യ വസ്തുക്കൾ നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കുകയും, സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മേഖലാ ലാബുകളിൽ അയച്ച് ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്പെഷ്യൽ പരിശോധനകളും നടത്തി വരുന്നു. |
| (ഇ) | ഭക്ഷ്യസുരക്ഷാ കമ്മീഷണർ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് സമർപ്പിച്ച ശിപാർശ പ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രാധാന്യം പരിഗണിച്ച് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ